# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6660      1.11.2011-ലെ മറുപടിക്ക്

**മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജെ.ബി.ഐ.സി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ; | | (എ) ജെ.ഐ.സി.എ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മീനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ നടക്കുന്നില്ല. കരാർ ഏറ്റെടുത്തിരുന്നത് എം/എസ് കെ. രാമകൃഷ്ണ കോൺട്രാക്ടേഴ്സ് (പി) ലിമിറ്റഡ്, ഹൈദരാബാദ് ആണ്. കരാറുകാരന്റെ വീഴ്ച മൂലം പ്രസ്തുത കരാർ അവസാനിപ്പിക്കേണ്ടിവന്നു. ഏകദേശം 59% പണികൾ മാത്രമേ പ്രസ്തുത കരാറുകാരൻ പൂർത്തിയാക്കിയിരുന്നുള്ളൂ. റിസ്ക് & കോസ്റ്റ് വ്യവസ്ഥ ബാധകമാക്കിയാണ് കരാർ അവസാനിപ്പിച്ചത്. ബാക്കി പണികൾ റീടെൻഡർ ചെയ്ത് മറ്റൊരു കരാറുകാരനെ ഏൽപ്പിച്ച് പൂർത്തീകരിക്കാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നു. |
| (ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത ലൈൻ ഇനി എത്രദൂരം സ്ഥാപിക്കുവാനുണ്ടെന്നും, ആയത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അറിയിക്കുമോ; | | (ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഇനി ഏകദേശം 40 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ കൂടി സ്ഥാപിക്കുവാൻ ഉണ്ട്. |

| | |
|---|---|
| ചാത്തന്നൂർ പഞ്ചായത്ത് | 2കെ.എം |
| പൂയപ്പള്ളി | 5 കെ.എം |
| ചിറക്കര | 5 കെ.എം |
| ആദിച്ചനല്ലൂർ | 2 കെ.എം |
| പൂതക്കുളം | 20 കെ.എം |
| പരവൂർ മുനിസിപ്പാലിറ്റി | 5 കെ.എം |

| | | |
|---|---|---|
| (സി) വിവിധ പഞ്ചായത്തുകളുടെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാനുള്ള പണി അവശേഷിക്കുന്ന വിവരം അറിയുമോ; എങ്കിൽ | | (സി) വിവിധ പഞ്ചായത്തുകളിൽ പല പ്രദേശങ്ങളിലും ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുവാനുള്ള പണി അവശേഷിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | **ഏതെങ്കിലും ഗ്രാമപഞ്ചായത്തോ, പ്രദേശത്തോ, പൂർണ്ണമായും ലൈൻ സ്ഥാപിക്കുവാൻ ശ്രദ്ധിക്കുമോ;** | | ഇനി പ്രവർത്തികൾ പുനരാരംഭിക്കുന്ന മുറയ്ക്ക് മുൻ കോൺട്രാക്ടർ ഇടാതെ പോയ ബാക്കി പൈപ്പുകൾ കൂടി അതതു പഞ്ചായത്തുകളിൽ ഇടുവാൻ നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ പദ്ധതി പ്രദേശം മുഴുവൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഡിസ്ട്രിബ്യൂഷന്റെ രണ്ടാം ഘട്ട വികസനം കൂടി ഏറ്റെടുക്കേണ്ടതുണ്ട്. അത് ഇപ്പോഴത്തെ പദ്ധതിയിൽ വിഭാവന ചെയ്തിട്ടില്ല. |
| (ഡി) | **പ്രസ്തുത ലൈനിന്റെ പണി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; അതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?** | (ഡി) | പണികൾ 2013 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി പ്രവർത്തികൾ റീടെൻഡർ ചെയ്യുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി, റീടെൻഡറിംഗിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**